**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**(ഹാജർ : ഡോ.കെ.വാസുകി ഐ.എ.എസ്)**

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യാഗക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ഈ കാര്യാലയത്തിലെ 16.09.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2) കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 23.09.2020 തീയതിയിലെ ഇ (3) 5324/2020 നമ്പർ കത്ത്.

**ഉത്തരവ് നം. എസ്.എ (2) 27173/17 തീയതി: 05.11.2020**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള 4 ഒഴിവുകളിൽ 3 ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും വിജിലൻസ് അന്വേഷണം നേരിടുന്നതുമായ ഒരു ജീവനക്കാരിയ്ക്ക് ഉദ്യോഗക്കയറ്റം നല്കുന്ന വിഷയത്തിൽ സർക്കാർ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ടി ഒഴിവ് ഉദ്യോഗക്കയറ്റം മുഖേന നികത്തിയിരുന്നില്ല. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ടി.കെ.സിദ്ദിഖ്, ടിയാൾ സീനിയോറിറ്റി ക്രമത്തിൽ അടുത്ത സീനിയർ ആണെന്നും 30.04.2021-ന് സേവനത്തിൽ നിന്നും വിരമിക്കുകയാണെന്നും, മേൽ വസ്തുതകൾ പരിഗണിച്ച് അവശേഷിക്കുന്ന ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ.ടി.കെ.സിദ്ദിഖിനെ 30700-65400 രൂപ ശമ്പള നിരക്കിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നല്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന ഉദ്യോഗക്കയറ്റം താല്ക്കാലികവും ശ്രീമതി.ബീന.സി.എസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ സ്ഥാനക്കയറ്റ വിഷയത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായും ഇതിനോടകം ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കിയത് reversion-ന് വിധേയമാകേണ്ടി വന്നാൽ ഈ ഉത്തരവ് പ്രകാരം ലഭിച്ച സ്ഥാനക്കയറ്റ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയവുമായിരിക്കും.

ഒപ്പ്/-

**ഡയറക്ടർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

സ്വീകർത്താവ്
ശ്രീ. ടി.കെ.സിദ്ദിഖ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്.
(കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)

**പകർപ്പ്**

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. ഫെയർ കോപ്പി, അക്കൗണ്ട്സ് വിഭാഗം
3. കരുതൽ ഫയൽ 2020 / അധികം

ksk 06 11 20